| 18-03-2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ - വിചാര സാഗര മഥനം ചെയ്ത് ഇങ്ങനെയുള്ള ഒരു വിഷയം എടുക്കൂ എല്ലാ സ്ഥലങ്ങളിലും ഒരേ വിഷയത്തിൽ പ്രഭാഷണം നടക്കണം, ഇത് തന്നെയാണ് നിങ്ങളുടെ ഏകത.**

**ചോദ്യം:-** ഏതൊരു പരിശ്രമം ചെയ്ത്-ചെയ്ത് നിങ്ങൾ കുട്ടികൾക്ക് പദവിയോടെ പാസ്സാകാൻ സാധിക്കും?
**ഉത്തരം:-** കർമ്മ-ബന്ധനത്തിൽ നിന്ന് അതീതരാകൂ. ആരോടെങ്കിലും സംസാരിക്കുമ്പോൾ ആത്മ സഹോദരനാണെന്ന് മനസ്സിലാക്കി സഹോദരനെ നോക്കൂ. ബാബയിൽ നിന്ന് കേൾക്കുകയാണെങ്കിലും ബാബയെ ഭൃകുടിയിൽ നോക്കൂ. സഹോദര-സഹോദരന്റെ ദൃഷ്ടിയിലൂടെ ആ സ്നേഹവും സംബന്ധവും പക്കയാകും. ഇത് തന്നെയാണ് പരിശ്രമമുള്ള ജോലി, ഇതിലൂടെ തന്നെയാണ് പദവിയോടെ പാസ്സാകാൻ കഴിയുക. ഉയർന്ന പദവി നേടുന്ന കുട്ടികൾ ഈ പുരുഷാർത്ഥം അവശ്യം ചെയ്യും.

**ഓം ശാന്തി**. മധുര-മധുരമായ കുട്ടികൾക്ക് മനസ്സിലാക്കി തന്നിട്ടുണ്ട് - ഇതാണ് മൃത്യുലോകം, അതിനോട് അഭിമുഖമായി അമരലോകവുമുണ്ട്. ഭക്തി മാർഗ്ഗത്തിൽ കാണിക്കുന്നുണ്ട് ശങ്കരൻ പാർവ്വതിക്ക് അമരകഥ കേൾപ്പിച്ചു. ഇപ്പോൾ അമരലോകത്തിലേക്ക് നിങ്ങൾ കുട്ടികളാണ് പോകുന്നത്. ശങ്കരനാണെങ്കിൽ കഥയേ കേൾപ്പിക്കുന്നില്ല. കഥ കേൾപ്പിക്കുന്നത് ജ്ഞാനസാഗരനായ ഒരേ-ഒരു ബാബയാണ്. കഥ കേൾപ്പിക്കാൻ ശങ്കരൻ ജ്ഞാന സാഗരനല്ല. ഇങ്ങനെ-ഇങ്ങനെയുള്ള കാര്യത്തിൽ നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കണം. കാലനുമേൽ എങ്ങനെയാണ് വിജയം നേടുന്നത്, ഈ ജ്ഞാനം ഏതൊന്നാണോ അത് അമരമാക്കുന്നു, ഇതിലൂടെ ആയുസ്സ് വർദ്ധിക്കുന്നു, അവിടെ കാലനുണ്ടായിരിക്കില്ല. ഇവിടെ നിങ്ങൾ 5 വികാരങ്ങൾ അതായത് രാവണന് മേൽ വിജയം നേടുന്നതിലൂടെ രാമ രാജ്യം അഥവാ അമര ലോകത്തിന്റെ അധികാരിയാകുന്നു. മൃത്യു ലോകത്തിലാണ് രാവണ രാജ്യം, അമരലോകത്തിലാണ് രാമ രാജ്യം. ദേവതകളെ ഒരിക്കലും കാലൻ വിഴുങ്ങുന്നില്ല. അവിടെ കാലന്റെ ആളുകളേ ഇല്ല. അതുകൊണ്ട് ഈ വിഷയവും വളരെ നല്ലതാണ് - മനുഷ്യന് കാലന്റെ മേൽ എങ്ങനെ വിജയം നേടാൻ സാധിക്കും. ഇത് മുഴുവൻ ജ്ഞാനത്തിന്റെ കാര്യങ്ങളാണ്. ഭാരതം അമരലോകമായിരുന്നു, എത്ര ദീർഘമായ ആയുസ്സായിരുന്നു. സർപ്പത്തിന്റെ ഉദാഹരണവും സത്യയുഗത്തിനുള്ളതാണ്. ഒരു തോൽ ഉപേക്ഷിച്ച് അടുത്തതെടുക്കുന്നു, ഇതിനെയാണ് പറയുന്നത് പരിധിയില്ലാത്ത വൈരാഗ്യം. അറിയാം മുഴുവൻ ലോകത്തിന്റെയും വിനാശം ഉണ്ടാകണം. ഈ പഴയ ശരീരവും ഉപേക്ഷിക്കണം. ഇത് 84 ജന്മങ്ങളുടെ പഴയ തോലാണ്. അമരലോകത്തിൽ ഇങ്ങനെയായിരിക്കില്ല. അവിടെ പിന്നെ മനസ്സിലാക്കുന്നു ഇപ്പോൾ ശരീരം വളർന്നു, ജീർണ്ണിച്ചിരിക്കുന്നു, ഇതിനെ ഉപേക്ഷിച്ച് പുതിയതെടുക്കും. പിന്നീട് സാക്ഷാത്ക്കാരവും ഉണ്ടാകുന്നു, അറിവിനെ തന്നെയാണ് സാക്ഷാത്ക്കാരമെന്ന് പറയുന്നത്. ഇപ്പോൾ എനിക്കുള്ള പുതിയ വസ്ത്രം തയ്യാറായിട്ടുണ്ട് . പഴയതിനെ ഇപ്പോൾ ഉപേക്ഷിക്കണം. അവിടെയും ഇങ്ങനെ തന്നെയാണ് സംഭവിക്കുന്നത്. അതിനെ പറയുന്നത് തന്നെ അമരലോകം എന്നാണ്, അവിടെ കാലൻ വരുന്നില്ല. സ്വയം തന്നെ സമയത്ത് ശരീരം ഉപേക്ഷിക്കുന്നു. ആമയുടെ ഉദാഹരണവും ഇവിടുത്തേതാണ്. കർമ്മം ചെയ്ത് പിന്നീട് അന്തർമുഖിയാകുന്നു. ഈ സമയത്തെ ഉദാഹരണം പിന്നീട് ഭക്തി മാർഗ്ഗത്തിൽ കോപ്പി ചെയ്യുന്നു, എന്നാൽ കേവലം പേരിന് മാത്രം. ഒന്നും തന്നെ മനസ്സിലാക്കുന്നില്ല. ഇപ്പോൾ നിങ്ങളാണെങ്കിൽ മനസ്സിലാക്കുന്നുണ്ട് രാഖി, ദസറ, ദീപമാല, ഹോളി തുടങ്ങിയതെല്ലാം ഈ സമയത്തേതാണ്. അത് ഭക്തി മാർഗ്ഗത്തിൽ നടന്നതാണ്. അതുകൊണ്ട് ഈ കാര്യങ്ങളൊന്നും സത്യയുഗത്തിൽ ഉണ്ടാകുന്നില്ല. ഈ ഇങ്ങനെ-ഇങ്ങനെയുള്ള വിഷയങ്ങൾ എഴുതൂ. മനുഷ്യന് കാലന്റെ മേൽ എങ്ങനെ വിജയം നേടാൻ സാധിക്കും? മൃത്യുലോകത്ത് നിന്ന് അമരലോകത്തിലേക്ക് എങ്ങനെ പോകാൻ സാധിക്കും? ഇങ്ങനെയുള്ള കാര്യങ്ങളിൽ മനസ്സിലാക്കി കൊടുക്കുന്നതിന് വേണ്ടി ആദ്യം എഴുതേണ്ടതായുണ്ട്. ഏതുപോലെയാണോ നാടകത്തിന്റെ കഥ എഴുതുന്നത് - ഇന്ന് ഇന്ന നാടകമാണ്. നിങ്ങളുടെയും പോയന്റ്സിന്റെ ലിസ്റ്റുണ്ടായിരിക്കണം, ഇന്ന് ഈ ടോപ്പിക്കിൽ മനസ്സിലാക്കി കൊടുക്കും. രാവണ രാജ്യത്തിൽ നിന്ന് ദൈവീക രാജ്യത്തിലേക്ക് എങ്ങനെ പോകാൻ സാധിക്കും? അറിവ് അത് ഒന്നുതന്നെയാണ് എന്നാൽ വ്യത്യസ്തങ്ങളായ വിഷയങ്ങൾ കേൾക്കുന്നതിലൂടെ സന്തോഷമുണ്ടാകും അതായത് പരിധിയില്ലാത്ത അച്ഛനിൽ നിന്ന് പരിധിയില്ലാത്ത സമ്പത്ത് എങ്ങനെയാണ് ലഭിക്കുന്നത്. ഏതുപോലെയാണോ സന്യാസിമാരുടേത് പത്രത്തിൽ ഇടുന്നത് - ഇന്ന് 125-ാം യജ്ഞം രചിച്ചിരിക്കുന്നു, അതിൽ ഇന്ന ഇന്നതെല്ലാം കേൾപ്പിക്കും. ഇവിടെയാണെങ്കിൽ ബാബ പറയുന്നു ഞാൻ ഒരൊറ്റ പ്രാവശ്യമാണ് യജ്ഞം രചിക്കുന്നത്, അതിൽ മുഴുവൻ പഴയ ലോകവും സ്വാഹയാകുന്നു. അവരാണെങ്കിൽ വളരെ യജ്ഞങ്ങൾ രചിക്കുന്നു. എഴുന്നള്ളത്തുകളൊക്കെ നടത്തുന്നു. ഇവിടെയാണെങ്കിൽ നിങ്ങൾക്കറിയാം-ഇത് രുദ്ര ശിവബാബയുടെ ഒരേഒരു യജ്ഞമാണ്, അതിൽ മുഴുവൻ പഴയ ലോകവും

സ്വാഹയാകുന്നു, പുതിയ ലോകത്തിന്റെ സ്ഥാപനയുണ്ടാകുന്നു അങ്ങനെ നിങ്ങൾ പോയി ദേവതയാകുന്നു. ഇതും ബാബ നിങ്ങൾക്കാണ് മനസ്സിലാക്കി തരുന്നത്. രചയിതാവായ ബാബ തന്നെയാണ് വന്ന് തന്റെയും രചനയുടെ ആദി-മദ്ധ്യ-അന്ത്യത്തിന്റെയും ജ്ഞാനം നൽകുന്നത് രാജയോഗവും പഠിപ്പിക്കുന്നത്. സത്യയുഗത്തിലുള്ളത് പവിത്ര ദേവതകൾ മാത്രമാണ്. അവർ രാജ്യവും ഭരിക്കുന്നു. അതിനെയാണ് പറയുന്നത് ആദി സനാതന ദേവീ-ദേവതാ ധർമ്മം. ഇതും വിഷയമായി വയ്ക്കാൻ സാധിക്കും അതായത് ആദി സനാതന സത്യയുഗീ ദേവീ-ദേവതാ ധർമ്മത്തിന്റെ സ്ഥാപന എങ്ങനെയാണ് നടന്നുകൊണ്ടിരിക്കുന്നത്, വിശ്വത്തിൽ ശാന്തി എങ്ങനെയാണ് സ്ഥാപിക്കപ്പെടുന്നത് - വന്ന് മനസ്സിലാക്കൂ. പരംപിതാ പരമാത്മാവിനല്ലാതെ വിശ്വത്തിൽ ശാന്തി സ്ഥാപിക്കാനുള്ള നിർദ്ദേശം മറ്റാർക്കും നൽകാൻ സാധിക്കില്ല. നിർദ്ദേശം കൊടുക്കുന്നവർക്കും സമ്മാനം ലഭിക്കാറുണ്ട്. വിശ്വത്തിൽ ശാന്തി സ്ഥാപിക്കുന്നതിനുള്ള സമ്മാനം എങ്ങനെയാണ്, ആരാണ് നൽകുന്നത്, ഇതും ടോപ്പിക്കാണ്. ഇങ്ങനെ വിചാര സാഗര മഥനം ചെയ്ത് ടോപ്പിക്ക് കണ്ടെത്തണം. ഇങ്ങനെയുള്ള പദ്ധതിയായിരിക്കണം എല്ലാ സ്ഥലങ്ങളിലും ഒരേ ടോപ്പിക്കായിരിക്കണം, എല്ലാവർക്കും പരസ്പരം ബന്ധമുണ്ടായിരിക്കും. ഇങ്ങനെയുള്ള ലിസ്റ്റുണ്ടാക്കി ആദ്യം സൂചന നൽകണം. പിന്നീട് വാർത്ത ഡൽഹിയിൽ വരണം. എല്ലാവരും അറിയണം എല്ലാ സ്ഥലങ്ങളിലും ഇതേ പ്രഭാഷണമാണ് നടന്നത്, ഇതിനെ തന്നെയാണ് പറയുന്നത് ഐക്യത. മുഴുവൻ ലോകത്തിലും അനൈക്യതയാണുള്ളത്. രാമരാജ്യത്തിന്റെ മഹിമയാണ്- സിംഹവും പശുവും ഒരുമിച്ച് വെള്ളം കുടിക്കുന്നു. ത്രേതായിൽ ഇങ്ങനെയുള്ള മഹിമയുണ്ട്, എങ്കിൽ സത്യയുഗത്തിൽ എന്താ ഉണ്ടയിരിക്കില്ലേ! ബാക്കി ശാസ്ത്രങ്ങളിൽ അനേക കഥകൾ എഴുതി വച്ചിട്ടുണ്ട്. നിങ്ങളാണെങ്കിൽ ബാബയിൽ നിന്ന് ഒരേഒരു കഥ കേൾക്കുന്നു. ലോകത്തിൽ അനേകം കഥകൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നുണ്ട്. ദ്വാപരം മുതൽ കലിയുഗം വരെ എന്തെല്ലാം ശാസ്ത്രം മുതലായവയാണോ നടക്കുന്നത്, അതൊന്നും അവിടെ ഉണ്ടാകില്ല. ഭക്തി മാർഗ്ഗത്തിന്റെ എല്ലാ കാര്യങ്ങളും പൂർത്തിയാകുന്നു. ഇവിടെ നിങ്ങൾ എന്തെല്ലാമാണോ കാണുന്നത്,അതെല്ലാം ആസുരീയമാണ്. അതിനെ കണ്ടിട്ടും കാണാതിരിക്കൂ, കേട്ടിട്ടും കേൾക്കരുത്. ഇപ്പോൾ ബാബ എന്താണോ മനസ്സിലാക്കി തരുന്നത് അത് ബുദ്ധിയിൽ വയ്ക്കൂ.

നമ്മൾ സംഗമയുഗീ ബ്രാഹ്മണർ എത്ര ഉയർന്നവരാണ്! ദേവതകളെക്കാളും ഉയർന്നതാണ്. ഈ സമയം നമ്മൾ ഈശ്വരീയ സന്താനമാണ്. പതുക്കെ-പതുക്കെ വൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുന്നു. ഇത്രയും സഹജമായ കാര്യം പോലും ആരുടെയും ബുദ്ധിയിൽ വരുന്നില്ല. നമ്മൾ ഈശ്വരീയ സന്താനമാണെങ്കിൽ തീർച്ചയായും സ്വർഗ്ഗത്തിന്റെ അധികാരിയാകണം എന്തുകൊണ്ടെന്നാൽ ആ അച്ഛനാണ് സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നത്. കോടിക്കണക്കിന് വർഷമെന്ന് പറയുന്നതിലൂടെ ഒരു കാര്യവും ഓർമ്മയിലില്ല. ബാബ വന്ന് ഓർമ്മ നൽകുന്നു, ഇത് 5000 വർഷത്തിന്റെ കാര്യമാണ്. നിങ്ങൾ ദേവീ-ദേവതകളായിരുന്നു. ഇപ്പോൾ വീണ്ടും നിങ്ങളെ അതുതന്നെയാക്കുന്നു. സന്മുഖത്ത് കേൾക്കുന്നതിലൂടെ എത്ര സന്തോഷവും ഉന്മേഷവും വരുന്നു. കുട്ടികൾ ആരാണോ ബുദ്ധിയുള്ളവരും, വിവേകശാലിയുമായിട്ടുള്ളത്, അവരുടെ ബുദ്ധിയിൽ വരുന്നു- നമുക്ക് ബാബയിൽ നിന്ന് സമ്പത്ത് തീർച്ചയായും നേടണം. ബാബയാണ് പുതിയ ലോകം രചിക്കുന്നതെങ്കിൽ നമ്മളും തീർച്ചയായും പുതിയ ലോകത്തിൽ ഉണ്ടായിരിക്കണം. എല്ലാ കുട്ടികളും ഒരച്ഛന്റേതാണ്. എല്ലാവരുടെയും ധർമ്മം, എല്ലാവരുടെയും വസിക്കുന്ന സ്ഥലം, വരവ്-പോക്ക് എല്ലാം വ്യത്യസ്ത പ്രകാരത്തിലാണ്. എങ്ങനെയാണ് വന്ന് മൂലവതനത്തിൽ നിവസിക്കുന്നത്, ഇതും ബുദ്ധിയിലുണ്ട്. മൂലവതനത്തിൽ ആത്മാവൃക്ഷമുണ്ട്. സൂക്ഷ്മവതനത്തിൽ വൃക്ഷം കാണിക്കാൻ സാധിക്കില്ല. അവിടെ എന്തെല്ലാമാണോ കാണിക്കുന്നത് അതെല്ലാം സാക്ഷാത്ക്കാരത്തിന്റെ കാര്യങ്ങളാണ്. ഇതെല്ലാം ഡ്രാമയിൽ അടങ്ങിയിട്ടുണ്ട്. സൂക്ഷ്മവതനത്തിലും പോകുന്നുണ്ട്. അവിടെ ചലനമാണ് നടക്കുന്നത്. ഇടയ്ക്ക് ആദ്യം ശബ്ദമില്ലാത്ത ചലന നാടകവും ഉണ്ടാക്കിയിരുന്നു. പിന്നീടാണ് ശബ്ദമുള്ളതായത്. നിശ്ശബ്ദ നാടകമാണെങ്കിൽ ഉണ്ടാക്കാനും സാധിക്കില്ല. കുട്ടികൾക്കറിയാം നമ്മൾ ശാന്തിയിൽ എങ്ങനെയാണ് കഴിയുന്നത്. ഏതുപോലെയാണോ അവിടെ ആത്മാക്കളുടെ വൃക്ഷമുള്ളത്, അതുപോലെ ഇവിടെ മനുഷ്യരുടേതുമുണ്ട്. അതുകൊണ്ട് ഇങ്ങനെ-ഇങ്ങനെയുള്ള കാര്യങ്ങൾ ബുദ്ധിയിൽ വച്ച് നിങ്ങൾക്ക് ഭാഷണം ചെയ്യാൻ സാധിക്കും. എന്നാലും പഠിക്കാൻ സമയമെടുക്കുന്നുണ്ട്. പരിശ്രമിച്ച് ഇതും മനസ്സിലാക്കി എന്നിരിക്കട്ടെ എന്നാൽ ഓർമ്മയുടെ യാത്ര എവിടെ, അതിലൂടെയാണ് ധാരണയും സന്തോഷവും ഉണ്ടാകുന്നത്. ഇപ്പോൾ നിങ്ങൾ യഥാർത്ഥ രീതിയിൽ യോഗം പഠിച്ചുകൊണ്ടിരിക്കുന്നു. കുട്ടികൾക്ക് മനസ്സിലാക്കി തന്നിട്ടുണ്ട് - എല്ലാവരെയും സഹോദര-സഹോദരനായി കാണൂ. ആത്മാവിന്റെ സിംഹാസനം അത് ഇതാണ് അതുകൊണ്ടാണ് ഭഗീരഥനായ ബാബയുടെ സിംഹാസനവും പ്രസിദ്ധമായിട്ടുള്ളത്. ആർക്കെങ്കിലും മനസ്സിലാക്കിക്കൊടുക്കുമ്പോൾ ഇങ്ങനെ കരുതൂ- ഞാൻ സഹോദരങ്ങൾക്ക് മനസ്സിലാക്കി കൊടുക്കുകയാണ്. ഈ ദൃഷ്ടിയായിരിക്കണം - ഇതിൽ തന്നെയാണ് വലിയ പരിശ്രമവും ഉള്ളത്. പരിശ്രമത്തിലൂടെ തന്നെയാണ് ഉയർന്ന പദവി ലഭിക്കുന്നത്. ബാബയും ഇങ്ങനെയാണ് കാണുക, ബാബയുടെ

ദൃഷ്ടിയും ഭൃകുടി മദ്ധ്യത്തിലേക്കാണ് പോകുക. ആത്മാവ് അത് ചെറിയ ബിന്ദുവാണ്. കേൾക്കുന്നതും അതാണ്. നിങ്ങൾ ബാബയെയും ഭൃകുടി മദ്ധ്യത്തിലേക്കാണ് നോക്കുക. അച്ഛനും ഇവിടെയുണ്ട് അതു പോലെ സഹോദരനും(ബ്രഹ്മാബാബ) ഇവിടെയുണ്ട്. ഇങ്ങനെ ബുദ്ധിയിൽ ഉണ്ടായിരിക്കുന്നതിലൂടെ നിങ്ങളും ജ്ഞാന സാഗരന്റെ മക്കൾ ജ്ഞാനസാഗരനായി മാറുന്നു. നിങ്ങൾക്കാണെങ്കിൽ ഇത് വളരെ സഹജമാണ്. ഗൃഹസ്ഥ വ്യവഹാരത്തിൽ ഇരിക്കുന്നവർക്ക് ഇതൽപം ബുദ്ധിമുട്ടാണ്. കേട്ടിട്ട് വീട്ടിലേക്ക് പോകുന്നു അവിടുത്തെ അന്തരീക്ഷം തന്നെ വേറെയാണ്. ഇവിടെ സഹജമാണ്. ബാബ യുക്തി വളരെ സഹജമായി പറഞ്ഞ് തരികയാണ് – സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കൂ, ബാബയെ ഓർമ്മിക്കൂ. ഇതും സഹോദരനാണ് ഈ ദൃഷ്ടിയിലൂടെ, കർമ്മ ബന്ധനത്തിൽ നിന്ന് അതീതമായി തീരും. ശരീരം പോലും മറന്ന് പോകുന്നു കേവലം ബാബ മാത്രം ഓർമ്മ ഉണ്ടായിരിക്കുന്നു. ഇതിൽ പരിശ്രമിച്ച് കൊണ്ടിരിക്കണം അപ്പോൾ പാസ്സ് വിത്ത് ഓണറാകും. ഇങ്ങനെയുള്ള അവസ്ഥയിൽ വളരെ വിരളം ചിലർ മാത്രമേ കഴിയുന്നുള്ളൂ. വിശ്വത്തിന്റെ അധികാരിയും അവരാണാകുന്നത്. 8 രത്നങ്ങളുടെ മാലയില്ലേ. അതുകൊണ്ട് പുരുഷാർത്ഥം ചെയ്യണം. ഉയർന്ന പദവി നേടുന്നവർ എങ്ങനെയെങ്കിലും പുരുഷാർത്ഥം തീർച്ചയായും ചെയ്തിട്ടുണ്ടാകും. ഇതിൽ മറ്റൊരു കാര്യവും വരുന്നില്ല. സഹോദര–സഹോദരന്റെ ദൃഷ്ടി, സ്നേഹവും സംബന്ധവും ഉണ്ടാകുന്നു. ദൃഷ്ടി പക്കാ ആകുന്നു അതുകൊണ്ട് ബാബ വളരെ രഹസ്യ–രഹസ്യമായ കാര്യങ്ങൾ കേൾപ്പിക്കുന്നു. ഇതിൽ അഭ്യാസം ചെയ്യുക അധ്വാനമുള്ള കാര്യമാണ്. ഇവിടെ ഇരിക്കുകയാണെങ്കിലും സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കൂ. ആത്മാവ് തന്നെയാണ് കേൾക്കുന്നത്. കേൾക്കുന്ന ആത്മാവിനെ നിങ്ങൾ കാണുന്നു. മനുഷ്യരാണെങ്കിൽ പറയുന്നത് ആത്മാവ് നിർലേപമെന്നാണ്. അങ്ങനെയെങ്കിൽ എന്താ ശരീരമാണോ കേൾക്കുന്നത്? ഇത് തെറ്റാണ്. ബാബ നിങ്ങൾക്ക് ഗുഹ്യ–ഗുഹ്യമായ കാര്യങ്ങൾ കേൾപ്പിച്ച് തരുന്നു. പരിശ്രമം അത് കുട്ടികൾക്ക് ചെയ്യണം. ആരാണോ കൽപം മുൻപ് ആയിട്ടുള്ളത് അവർ പരിശ്രമം തീർച്ചയായും ചെയ്യും. തന്റെ അനുഭവവും കേൾപ്പിക്കും– ഇങ്ങനെ നമ്മൾ കേൾക്കുകയും കേൾപ്പിക്കുകയും ചെയ്യുന്നു. ശീലമായിരിക്കുന്നു. ആത്മാവിനെ തന്നെയാണ് കേൾപ്പിക്കുന്നത്– മൻമനാഭവ. പിന്നീട് അവർ മറ്റവരോട്, അവർ മറ്റവരോട് പറയുന്നു മൻമനാഭവ അർത്ഥം ബാബയെ ഓർമ്മിക്കൂ. ഇത് ഗുപ്തമായ പരിശ്രമമാണ്. ഏതുപോലെയാണോ പഠിത്തവും ഏകാന്തതയിൽ മരത്തിന്റെ ചുവട്ടിൽ പോയി പഠിക്കുന്നത്, അത് സ്ഥൂല കാര്യമാണ്. ഇതാണെങ്കിൽ അഭ്യസിക്കേണ്ട കാര്യമാണ്. ദിനം–പ്രതിദിനം നിങ്ങളുടെ ഈ അഭ്യാസം വർദ്ധിച്ചുകൊണ്ടിരിക്കും. നിങ്ങൾ പുതിയ–പുതിയ കാര്യങ്ങളല്ലേ കേൾക്കുന്നത്. എന്താണോ നിങ്ങൾ ഇപ്പോൾ കേൾക്കുന്നത് അത് പിന്നീട് പുതിയ–പുതിയവർ വന്ന് കേൾക്കും. ചിലർ പറയുന്നു ഞങ്ങൾ വൈകിയാണ് വന്നത്. ഏയ്, നിങ്ങൾ കൂടുതൽ ഫസ്റ്റ്ക്ളാസ്സായിട്ടുള്ള ഗുഹ്യ–ഗുഹ്യമായ കാര്യങ്ങളാണ് കേൾക്കുന്നത്, അതിൽ പുരുഷാർത്ഥം ചെയ്യുന്നതിലൂടെ തന്നെ ഉയർന്ന പദവി ലഭിക്കുന്നു. കൂടുതൽ നല്ലതാണ്. മായ അവസാനം വരേയ്ക്കും വിടില്ല. മായയുടെ യുദ്ധം നടന്നുകൊണ്ടിരിക്കും ഏതുവരെ നിങ്ങൾ വിജയം വരിക്കുന്നോ. പിന്നീട് അനായാസമായി തന്നെ നിങ്ങൾ പോകും. ആര് എത്രത്തോളം ഓർമ്മിക്കുന്നോ, മനസ്സിലാക്കുന്നു ഞാൻ ബാബയുടെ അടുത്തേക്ക് പോകുകയാണ്, അങ്ങനെ ശരീരം വിടുന്നു. ബാബ കണ്ടിട്ടുണ്ട്– ഇതുപോലെ ബ്രഹ്മത്തിൽ ലയിക്കുന്നതിനുള്ള ലക്ഷ്യം വയ്ക്കുന്നവർ എപ്പോഴാണോ ശരീരം വിടുന്നത് അപ്പോൾ ശാന്തി പരക്കുന്നു. ബാക്കി മോക്ഷമൊന്നും ആരും നേടുന്നില്ല, തിരിച്ച് പോകുന്നതേയില്ല. നാടകത്തിൽ എല്ലാ അഭിനേതാക്കളും വേണ്ടേ. അന്തിമത്തിൽ എല്ലാവരും വരുന്നു. എപ്പോഴാണോ ഒരാൾ പോലും അവശേഷിക്കാത്തത് അപ്പോൾ തിരിച്ച് പോകും. മുഴുവൻ മാനവ രാശിയും, എല്ലാവരും പോകും. ബാക്കി കുറച്ച് പേരാണ് അവശേഷിക്കുക. അവർ പറയും എല്ലാവരെയും യാത്രയയച്ചു. ഈ സമയം സത്യയുഗത്തിന്റെ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്. എത്ര കോടി മനുഷ്യരാണുള്ളത്. എല്ലാവരെയും യാത്രയാക്കി പിന്നീട് നമ്മൾ നമ്മുടെ രാജധാനിയിലേക്ക് പോകും. അവർ കൂടിയത് 40–50 പേരെ യാത്രയാക്കിയിട്ടുണ്ടാകും. നിങ്ങൾ എത്ര പേരെയാണ് യാത്രയാക്കുന്നത്. എല്ലാവരും കൊതുകിൻ കൂട്ടങ്ങളെ പോലെ ശാന്തിധാമത്തിലേക്ക് പോകും. നിങ്ങൾ വന്നിരിക്കുന്നത് കൂടെ കൊണ്ട് പോകുന്നതിനും എല്ലാവരെയും തിരിച്ചയക്കാനും വേണ്ടിയാണ്. നിങ്ങളുടെ കാര്യങ്ങൾ അദ്ഭുതമാണ്. ഇത്രയും കോടിക്കണക്കിന് മനുഷ്യരാണ് പോകുന്നത്. അവരെ യാത്രയാക്കും. എല്ലാവരും തിരിച്ച് മൂല വതനത്തിലേക്ക് പോകും. ഇതും നിങ്ങളുടെ ബുദ്ധിയിൽ മാത്രമാണ് പ്രവർത്തിക്കുന്നത്. പതുക്കെ–പതുക്കെ വൃക്ഷം വലുതാകും. പിന്നീട് വിഷ്ണു മാല രുദ്രമാലയാകും. ഈ കാര്യം നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട് അതായത് രുദ്ര മാല എങ്ങനെയാണ് വിഷ്ണു മാലയാകുന്നത്. നിങ്ങളിലും ആരാണോ വിശാലബുദ്ധിയായിട്ടുള്ളത് അവർക്കാണ് ഈ കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കുന്നത്. അനേക പ്രകാരത്തിൽ ബാബ മനസ്സിലാക്കി തന്നുകൊണ്ടിരിക്കുന്നുണ്ട് – ഓർമ്മിക്കാൻ വേണ്ടി. നമ്മൾ രുദ്ര മാലയിൽ പോയി പിന്നീട് വിഷ്ണു മാലയിൽ വരും. പിന്നീട് നമ്പർ അനുസരിച്ച് വന്നുകൊണ്ടിരിക്കും. എത്ര വലിയ രുദ്രമാലയാണ്. ഈ ജ്ഞാനത്തെ ആരും അറിയുന്നില്ല. തുടക്കം മുതൽ ഈ ജ്ഞാനത്തെ ആരും അറിയുന്നില്ല. നിങ്ങൾ സംഗമയുഗീ ബ്രാഹ്മണർ മാത്രമാണ്

അറിയുന്നത്. ഈ സംഗമയുഗത്തെ ഓർമ്മിക്കുകയാണെങ്കിൽ മുഴുവൻ ജ്ഞാനവും ബുദ്ധിയിൽ വരും.

നിങ്ങളാണ് ലൈറ്റ് ഹൗസ്. എല്ലാവരെയും ലക്ഷ്യത്തിലെത്തിക്കുന്നവർ. നിങ്ങൾ എങ്ങനെയുള്ള നല്ല ലൈറ്റ് ഹൗസായാണ് മാറുന്നത്. നിങ്ങൾക്ക് ചേരാത്തതായി ഇങ്ങനെയുള്ള ഒരു കാര്യവും ഉണ്ടാകുന്നില്ല. നിങ്ങൾ ഡോക്ടറുമാണ്, സ്വർണ്ണകച്ചവടക്കാരനുമാണ്, അലക്കുകാരനുമാണ്. എല്ലാ വിശേഷതകളും നിങ്ങളിൽ വരുന്നു. നിങ്ങളുടെ മഹിമയും ഉണ്ടാകുന്നു, എന്നാൽ നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച്. എങ്ങനെ-എങ്ങനെയുള്ള കർത്തവ്യമാണോ ചെയ്യുന്നത് അതുപോലെയുള്ള മഹിമയാണ് ഉണ്ടാകുന്നത്. ബാബയാണെങ്കിൽ നിർദ്ദേശം നൽകുന്നുണ്ട് അതിൽ ചിന്തിക്കുക, സെമിനാർ നടത്തുക നിങ്ങൾ കുട്ടികളുടെ ജോലിയാണ്. ബാബ ഒന്നും തടയുന്നില്ല. ശരി, വളരെ കേൾപ്പിക്കുന്നതിലൂടെ എന്ത് പ്രയോജനമാണുള്ളത്. ബാബ പറയുന്നു മൻമനാഭവ. ബാബ നിങ്ങളെ എത്ര പോഷകമുള്ള സാധനമാണ് കഴിപ്പിക്കുന്നത്. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം -

1. സദാ ലഹരി ഉണ്ടായിരിക്കണം നമ്മൾ സംഗമയുഗീ ബ്രാഹ്മണർ ദേവതകളെക്കാളും ഉയർന്നവരാണ് എന്തുകൊണ്ടെന്നാൽ നമ്മൾ ഇപ്പോൾ ഈശ്വരീയ സന്താനങ്ങളാണ്, നമ്മൾ മാസ്റ്റർ ജ്ഞാസാഗരനാണ്. എല്ലാ വിശേഷതകളും ഇപ്പോൾ നമ്മളിൽ നിറഞ്ഞ് കൊണ്ടിരിക്കുകയാണ്.

2. എന്താണോ ബാബ മനസ്സിലാക്കി തരുന്നത് അത് മാത്രം ബുദ്ധിയിൽ വയ്ക്കണം, ബാക്കി എന്ത് തന്നെയായാലും കേട്ടിട്ടും കേൾക്കാതിരിക്കൂ, കണ്ടിട്ടും കാണാതിരിക്കൂ. ആസുരീയമായത് കേൾക്കരുത്, ആസുരീയമായത് കാണരുത്. . . .

## വരദാനം:- ഈശ്വരീയ സേവനത്തിലൂടെ വൈവിദ്ധ്യമാർന്ന ഫലം പ്രാപ്തമാക്കുന്ന അധികാരീ ആത്മാവായി ഭവിക്കട്ടെ.

പറയാറുണ്ട്, ''സേവനം ചെയ്യൂ എങ്കിൽ ഫലം പ്രാപ്തമാകും''. ഈശ്വരീയ ജ്ഞാനം കൊടുക്കൽ തന്നെയാണ് ഈശ്വരീയ സേവനം, ആര് ഈ സേവനം ചെയ്യുന്നുവോ അവർക്ക് അതീന്ദ്രിയ സുഖത്തിന്റെ , ശക്തികളുടെ, സന്തോഷത്തിന്റെ വൈവിദ്ധ്യമാർന്ന ഫലം ലഭിക്കുന്നു. താങ്കൾ ബ്രാഹ്മണർ തന്നെയാണ് ഇതിന്റെ അധികാരികൾ, എന്തുകൊണ്ടെന്നാൽ താങ്കളുടെ ജോലി തന്നെ ഈശ്വരീയ പഠിപ്പ് പഠിക്കലും പഠിപ്പിക്കലുമാണ്, അതിലൂടെ ഈശ്വരന്റേതായി മാറുകയും ചെയ്യുന്നു. അപ്പോൾ അങ്ങിനെയുള്ള ഈശ്വരീയ സേവനം ചെയ്യുന്നതിലൂടെ ഈശ്വരീയ ഫലത്തിന്റെ അധികാരിയായി മാറി- ഈ ലഹരിയിൽ ത്തന്നെയിരിക്കൂ.

## സ്ലോഗൻ:- ബാബയോടൊപ്പം ഇരുന്ന് കർമ്മം ചെയ്യൂ എങ്കിൽ ഡബിൾലൈറ്റായിരിക്കാം.